പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2569 **28-10-2026-ൽ മറുപടിയ്ക്ക്**

എസ് സി ,എസ് ടി ഹോസ്റ്റലുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഹോസ്റ്റലുകളിൽ ഹോസ്റ്റൽ ഫീ (എ.ബി.എൽ.സി) കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ് ആനുകൂല്യത്തിന്റെ നിരക്ക് 16/5/2026 ലെ സ.ഉ (അച്ചടി) നം 12/ 2026/SCSTD പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഹോസ്റ്റലുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ യഥാസമയം നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ,പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനാവശ്യമായ ജീവനക്കാരെ പി.എസ്.സി/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്ന സാഹചര്യത്തിൽ ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനത്തിന് ദിവസവേതനാടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരെ താത്ക്കാലികമായി നിയമിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ